യോഗാഭ്യാസ മുറകളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾ

1. ആലപ്പുഴ ജില്ലാ യോഗാ അസോസിയേഷൻ, കുറനിക്കാട്, വെട്ടുവേണി.

യോഗാഭ്യാസ മുറകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ

1. കേസരി കളരി സംഗം, രാമപുരം റോഡ്, കടക്കനമ്പൻ പി. ഒ., തൃശ്ശൂർ ജില്ല.
2. ഫാക്ട് യോഗവിദ്യാ കേന്ദ്രം: ഉദ്യോഗമണ്ഡൽ-683 501.
3. ബഥനി നാച്ചർ കൂപവർ ആൻറ് യോഗാ സെൻറർ, നാലാഞ്ചിറ, തിരുവനന്തപുരം-15.
4. പ്രാണയോഗസെൻറർ, ഹരിപ്പാട് പി. ഒ., ആലപ്പുഴ.
5. കേരളാ സ്കൂൾ ഓഫ് യോഗം പനങ്ങാട്ടെത്ത് ബിൽഡിംഗ്, ഹരിപ്പാട്-699 514.
6. സെക്കൻറ് ഫാൻറം ജിംനേഷ്യം ക്ലാസ്, നാങ്ങിക്കര-680 301.
7. സെൻറർ ഫോർ യോഗാ ആൻറ് മെഡിറ്റേഷൻ, ശാന്തി, ററി. സി. 5/1893, കൊക്കോട്, കവടിയാർ, തിരുവനന്തപുരം-3.
8. കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗാസനാസ്.
9. ലൈഫ് ജിംനേഷ്യം ആൻറ് യോഗി പോസ്റ്റേഴ്സ്, ഇടപ്പള്ളി, കൊച്ചി-682 024.
10. ശിവാനയോഗവിദ്യങ്ങാസമാജം, പാൽകുളങ്ങര, തിരുവനന്തപുരം.
11. ഇൻർ നാഷണൽ യോഗാതെരാപ്പി ആൻറ് റിസർച്ച് സെൻർ, എൻ. എസ്. എസ്. കരയോഗ മന്ദിരം പെയ്തിമട്ടം, പാലാ, കോട്ടയം ജില്ല.
12. യംഗ് മെൻസ് ജിംനേഷ്യ, ആനയറ, തിരുവനന്തപുരം.

ബോണക്കാട് എസ്റ്റേറ്റുകാരുടെ വനം കയ്യേറ്റം

*347 [373] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റുകാർ വനം കയ്യേറി ഏലത്തോട്ടം വച്ചുപിടിപ്പിക്കുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) വനം കയ്യേറി ഏലത്തോട്ടം വച്ചുപിടിപ്പിക്കാൻ ശ്രമിച്ചതായി ശദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ടി വനം കയ്യേറ്റം ഒഴിപ്പിക്കുകയും അവരുടെ പേരിൽ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയ്യേറിയ പ്രദേശങ്ങൾ സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകൾ

1310 [1959] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ഗവൺമെൻറിൽനിന്നും വാടകയ്ക്ക് കൊടുക്കാനായി ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം എവിടെയെങ്കിലും പണിയുന്നുണ്ടോ ;

(സി) ഇരിങ്ങാലക്കുടയിൽ അത്തരം ഒരു ഫ്ളാറ്റ് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് ഗവൺമെൻറിൽ നിന്ന് വാടകയ്ക്ക് കൊടുക്കാനായി റൻറൽ ഹൗസിംഗ് സ്കീം (വാടക വീടു പദ്ധതി) അനുസരിച്ച് ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ പണിഞ്ഞു കൊണ്ടിരിക്കുന്നുണ്ട്.

(ബി) ഈ വർഷം പണി തുടങ്ങുന്നതിലേക്കായി പുതിയ പദ്ധതികളൊന്നുംതന്നെ ആസൂത്രണം ചെയ്തിട്ടില്ല.

(സി) ഗവൺമെൻറിന്റെ സാമ്പത്തികപരിമിതിനിമിത്തം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ഭവന നിർമ്മാണ വായ്പാ പദ്ധതി

1311 [1960] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതി തൃശ്ശൂർ ജില്ലയിലെ എല്ലാ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly